Page 1 of 1

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. സമഗ്ര അദ്ധ്യാപക പരിശീലന പരിപാടിയുടെ ഭാഗമായി 2013 ഏപ്രിൽ-മേയ് മാസങ്ങളിൽ അദ്ധ്യാപക പരിശീലന പരിപാടി നടത്തി പരിശീലനത്തിന് ആവശ്യമായ റിസോഴ്സ് ഗ്രൂപ്പിനെ എൻ.സി.ഇ.ആർ.ടി സജ്ജമാക്കി നൽകി. 5 ദിവസത്തെ അവധിക്കാല പരിശീലനമാണ് നൽകിയത്. ഇതിൽ മാനേജ്മെന്റ് പരിശീലനവും വിഷയാധിഷ്ഠിത പരിശീലനവും നൽകി. 1 മുതൽ 10 വരെ ക്ലാസ്സിലെ അദ്ധ്യാപകരെ മിക്സഡ് ഗ്രൂപ്പായി ഓരോ ബാച്ചിലും 40 വീതം അദ്ധ്യാപകർക്കു പരിശീലനം നൽകി.

## പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ

**20 (1090)** ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് എയ്ഡഡ് മേഖലയിലുണ്ടായിരുന്ന സ്ഥാപനങ്ങൾ എത്രയായിരുന്നു ; പ്രസ്തുത സ്ഥാപനങ്ങളിൽ അധ്യാപക-അനധ്യാപക തസ്തികകൾ എത്രയായിരുന്നു ; പ്രൊട്ടക്റ്റഡ് അധ്യാപകർ എത്രയായിരുന്നു ; പ്രൊട്ടക്ഷൻ ലഭിക്കാതെ കഴിയുന്നവർ എത്രയായിരുന്നു ; വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ ഏറ്റവും ഒടുവിലത്തെ കണക്കുകൾപ്രകാരം സംസ്ഥാനത്ത് എയ്ഡഡ് മേഖലയിലുള്ള സ്ഥാപനങ്ങൾ എത്ര ; അവയിലെല്ലാംകൂടി അധ്യാപക-അനധ്യാപക തസ്തികകൾ എത്ര ; ടീച്ചേഴ്സ് ബാങ്കിലെ അധ്യാപകർ എത്ര ; ടീച്ചേഴ്സ് ബാങ്കിലുൾപ്പെടുത്തണമെന്നാവശ്യപ്പെട്ടവർ എത്ര ; വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എയ്ഡഡ് മേഖലയിലെ പൊതുവിദ്യാഭ്യാസത്തിന്റെ മൊത്തം ചെലവ് എത്രയായിരുന്നു ; മുൻവർഷം അത് എത്രയായി വർദ്ധിച്ചു ; ഈ വർഷത്തിൽ എത്രയാകുമെന്ന് പ്രതീക്ഷിക്കുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## സീക്ക്-13 പദ്ധതി

**21 (1091)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'സീക്ക്-13' പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly